## പതിനാലാംകേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 951** **30-10-2019 ൽ മറുപടി**

## ജലവിഭവ വകുപ്പിന്റെ പ്ലാൻ ഫണ്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ** | | **ശ്രീ.കെ.കൃഷ്ണൻ കുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് 2018-19 സാമ്പത്തിക വർഷത്തിൽ ജലവിഭവ വകുപ്പിന്റെ പ്ലാൻ ഫണ്ട് സ്കീമിൽ എത്ര പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (എ) | 2018-19 സാമ്പത്തിക വർഷത്തിൽ ജലവിഭവ വകുപ്പിന്റെ പ്ലാൻ ഫണ്ട് സ്കീമിൽപ്പെടുത്തി ഭരണാനുമതി നൽകിയ ഇറിഗേഷൻ, ജലവിതരണ, ഭൂഗർഭജലപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 123 |
| കൊല്ലം | 78 |
| പത്തനംതിട്ട | 153 |
| ആലപ്പുഴ | 45 |
| കോട്ടയം | 54 |
| ഇടുക്കി | 48 |
| എറണാകുളം | 104 |
| തൃശ്ശൂർ | 133 |
| പാലക്കാട് | 200 |
| മലപ്പുറം | 83 |
| കോഴിക്കോട് | 95 |
| കണ്ണൂർ | 56 |
| വയനാട് | 118 |
| കാസർഗോഡ് | 48 |

ഇവ കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി നടപ്പാക്കുന്ന മൂന്ന് പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

| | | | |
|---|---|---|---|
| | | | a) ലോകബാങ്ക് സഹായത്തോടെയുള്ള രണ്ടാം ഘട്ട ജലനിധി പദ്ധതി.<br>b) മഴവെള്ള സംഭരണം ഭൂജല പരിപോഷണം.<br>c) പൊതുജന പങ്കാളിത്തത്തോടെയുള്ള ശുദ്ധജലവിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കൽ. |
| (ബി) | ഏറനാട് മണ്ഡലത്തിൽ 2018-2019 സാമ്പത്തിക വർഷത്തിൽ ജലവിഭവ വകുപ്പ് ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) | ജലനിധി ഒന്നാംഘട്ടത്തിലെ കേട്ടുപാടുകൾ സംഭവിച്ച പദ്ധതികൾ പുനരുദ്ധീകരിക്കുന്നതിനുള്ള "സുസ്ഥിരതാ പദ്ധതി" ടി മണ്ഡലത്തിലും നടപ്പിലാക്കുന്നു. മൂന്ന് പഞ്ചായത്തുകളിലെ 10 പ്രവർത്തികൾക്കായി 43,70,491/- രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. സുസ്ഥിരതാ പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തികളുടെ ദർഘാസ് നടപടികൾ ആരംഭിച്ചു.<br><br>ജലഅതോറിറ്റിയുടെ പദ്ധതികളിൽ ഏറനാട് മണ്ഡലത്തിൽ 2018-19 വർഷത്തെ പ്ലാനിൽ ഉൾപ്പെടുത്തി കാവനൂർ വില്ലേജ് കുടിവെള്ള പദ്ധതിയുടെ വിതരണ ശൃഖല സ്ഥാപിക്കുന്ന പ്രവൃത്തി 1080 ലക്ഷം രൂപയ്ക്കു ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എടവണ്ണ പഞ്ചായത്തിലുള്ള ശുദ്ധജല വിതരണ പദ്ധതിയ്ക്ക് 47.21 കോടിയുടെ ധനസഹായഅനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. പാക്കേജ് 1 ന്റെ ടെണ്ടർ നടപടികൾ നടന്നു വരുന്നു.<br><br>ഭൂജല വകുപ്പിന്റെ കീഴിൽ 2018-19 സാമ്പത്തിക വർഷം ചാലിയാർ ഗ്രാമപഞ്ചായത്തിൽ രണ്ട് കുഴൽകിണർ അറ്റകുറ്റപണികൾ (ഓരോന്നിനും 10029 രൂപ വീതം) നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയിരുന്നു. ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ അധീനതയിലുള്ള പദ്ധതികൾ അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വിശദാംശം നൽകുമോ? | (സി) | സുസ്ഥിരപദ്ധതികളുടെ ഭാഗമായുള്ള പ്രവർത്തികളുടെ ദർഘാസ് നടപടികൾ ആരംഭിച്ചു. ഇറിഗേഷൻ പദ്ധതികളുടെ അവസ്ഥ അനുബന്ധം ഒന്നിൽ ചേർത്തിട്ടുണ്ട്. ഭൂജല വകുപ്പിന്റെ അധീനതയിലുള്ള കുഴൽകിണർ അറ്റകുറ്റപദ്ധതികൾ പഞ്ചായത്ത് നടപ്പിലാക്കേണ്ടതില്ല എന്നറിയിച്ചതിനാൽ പൂർത്തീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 1

| | . പ്രവൃത്തിയുടെ പേര് | തുക ലക്ഷത്തിൽ | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ആർ.എൽ.ഐ.എസ് - അരീക്കോട് ഗ്രാമ പഞ്ചായത്തിലെ ചാലിയാർ എൽ.ഐ.സ്കീമിന്റെ അടിയന്തിര അറ്റകുറ്റപണികൾ | 2.46 | പ്രവൃത്തി ആരംഭിച്ചു |
| 2 | ആർ.എൽ.ഐ.എസ് - അരീക്കോട് ഗ്രാമ പഞ്ചായത്തിലെ ചാലിയാർ എൽ.ഐ.സ്കീമിൽ മോട്ടോർ നം. 2 ന് ഡെലിവറി പൈപ്പ് ലൈൻ കൊടുക്കലും കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ | 17.00 | സാങ്കേതികാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| 3 | ഹരിതകേരളം ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ വാർഡ് - 4ൽ തച്ചംകുളത്തിന്റെ അറ്റകുറ്റപ്പണികൾ | 6.00 | സാങ്കേതികാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| 4 | അരീക്കോട് ഗ്രാമപഞ്ചായത്തിലെ കടുങ്ങല്ലൂർ തോടിനു കുറുകെ മുണ്ടമ്പ്ര പള്ളിക്കടവിൽ ചെക്ക് ഡാം കം ബ്രിഡ്ജിന്റെ നിർമ്മാണം (ഇൻവെസ്റ്റിഗേഷൻ) | 3.12 | പ്രവൃത്തി ആരംഭിച്ചു |
| 5 | എടവണ്ണ ഗ്രാമ പഞ്ചായത്തിലെ കുണ്ടുതോടിൽ നിർദ്ദിഷ്ട സീതിഹാജി Higher Secondary School ന് സമീപം പിറകുവശത്തായി ചാലിയാർ പുഴയുടെ . ഇടതുകര സംരക്ഷണം | 25 | 03-06-2019 ന് സ്ഥലം കരാറുകാരന് കൈമാറി |
| 6 | KIIFB – എടവണ്ണ പഞ്ചായത്തി ലെ പന്നിപ്പാറപള്ളിമുക്കിൽ ചാലിയാർ പുഴക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണത്തിനുള്ള സർവ്വെ ഇൻവെസ്റ്റി ഗേഷൻ പ്രവൃത്തി | , 2 | പ്രവൃത്തി പൂർത്തീകരിച്ചു |